LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. (സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയും, കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയും ഉള്ളടക്കം ചെയ്യുന്നു).

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ലഭിക്കുന്നതിനായി പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ സെന്റ് തോമസ് ഇന്റർനാഷണൽ പ്രെയിൻ, മലയാറ്റൂർ എന്ന പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 182 കോടി രൂപയുടെ മലങ്കര ഡാം സറൗണ്ടിംഗ്സ് അറ്റ് ഇടുക്കി ഡാം എന്ന പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ തീർത്ഥാടന കേന്ദ്രങ്ങൾ ഏതെല്ലാം; ഇതിനായി എത്ര രൂക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 4,614.20 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

ഡി.ടി.പി.സി.-യുടെ സഹകരണത്തോടെയുള്ള സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ

126(4136) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; അവയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള വിജയ് ബീച്ച് ചിൽഡ്രൻസ് പാർക്കിലെ ഒരു ഭാഗം അക്വാസ്പേസ് എന്റർടെയ്ൻമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥാപനത്തിന് 1-9-2015 മുതൽ 7.80 ലക്ഷം രൂപ വാർഷിക വാടക നിരക്കിൽ അഞ്ചുവർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. ആകെ അഞ്ച് കോടിയോളം രൂപ ചെലവിട്ടാണ് ഈ സംരംഭകർ 2016-ൽ പാർക്ക് ആരംഭിച്ചത്; പാർക്കിന്റെ പ്രതിമാസ പ്രവർത്തന ചെലവ് 20 ലക്ഷത്തോളം രൂപയായിരുന്നു. പാർക്കിൽനിന്ന് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതെ സംരംഭം അടച്ചുപൂട്ടൽ ഭീഷണിയിലായതും കരാർ കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടയ്ക്കാനാവാതെ കെ.എഫ്.സി.-യിൽനിന്ന് ജപ്തി ഭീഷണി നേരിട്ടതും കരാർ കാലാവധി ദീർഘിപ്പിച്ചാൽ വായ്പാ കാലാവധി നീട്ടി നൽകാമെന്ന കെ.എഫ്.സി.-യുടെ വാഗ്ദാനം പരിഗണിച്ചും അക്വാസ്പേസ് എന്റർടെയ്ൻമെന്റിന് അഞ്ചു വർഷത്തേയ്ക്കുകൂടി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകാൻ 7-11-2017-ൽ ചേർന്ന ഡി.ടി.പി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. 'കോവിഡ്-19' മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ആലപ്പുഴ വിജയ് പാർക്കിനൊപ്പം അക്വാസ്പേസ് എന്റർടെയ്ൻമെന്റിന്റെ പ്രവർത്തനങ്ങളും നിർത്തിവച്ചിരുന്നു. പിന്നീട് പ്രവർത്തനം പുനരാരംഭിക്കാനായി അറ്റകുറ്റപ്പണികൾ ആരംഭിച്ചിരുന്നെങ്കിലും 'കോവിഡ്-19' മഹാമാരിയുടെ രണ്ടാം തരംഗത്തെത്തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം പാർക്ക് വീണ്ടും അടച്ചിട്ടിരിക്കുകയാണ്. ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ അധീനതയിലുള്ള ഹിൽവ്യൂ പാർക്കിൽ വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെയാണ് അമ്യൂസ്മെന്റ് പാർക്ക് ആരംഭിച്ചത്. 'കോവിഡ്-19' മഹാമാരിയെ തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ 27-4-2021 മുതൽ പാർക്ക് അടഞ്ഞുകിടക്കുകയാണ്. തൃശ്ശൂർ ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള വിലങ്ങൻകുന്ന് വിനോദസഞ്ചാര കേന്ദ്രത്തിലും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനുകീഴിലെ തളിക്കുളം 'സ്നേഹതീരം' പാർക്കിലും അമ്യൂസ്മെന്റ് പാർക്കുകൾ നടത്താൻ കരാർ നൽകിയിട്ടുണ്ട്. എന്നാൽ 'കോവിഡ്-19' മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം ഈ പാർക്കുകൾ അടച്ചിട്ടിരിക്കുകയാണ്. മലപ്പുറം ഡി.ടി.പി.സി.-യുടെ സഹകരണത്തോടെ കോട്ടക്കുന്ന്, പടിഞ്ഞാറേക്കര ബീച്ച്, താനൂർ ഒട്ടുമ്പുറം ബീച്ച്, കുറ്റിപ്പുറം നിളയോരം പാർക്ക്, ആഢ്യൻപാറ എന്നിവിടങ്ങളിൽ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. 'കോവിഡ്-19' മഹാമാരിമൂലം 22-4-2021 മുതൽ ഈ പാർക്കുകളെല്ലാം അടച്ചിരിക്കുകയാണ്.

(ബി) വിനോദസഞ്ചാര മേഖലയിൽ ആരംഭിക്കുകയും കോവിഡ് മഹാമാരിയെ തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യുന്ന ഇത്തരം സംരംഭങ്ങൾക്ക് ഡി.ടി.പി.സി.-യുമായുള്ള എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കാവുന്നതാണ്.